

**എൽ. സന്ധ്യാറാണി**
ചൈൽഡ് ആൻഡ് ഫാമിലി
കൗൺസിലർ,
തിരുവനന്തപുരം
www.consolace.com

# മക്കളുടെ പഠനം

## മാതാപിതാക്കളുടെ ബാധ്യതയാകുമ്പോൾ

**കുട്ടികളെ പഠനകാര്യത്തിൽ മാതാപിതാക്കൾ സഹായിക്കേണ്ടതുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അമിത പ്രാധാന്യം നൽകുമ്പോൾ കുടുംബബന്ധങ്ങളിൽ വിള്ളലുകൾ വീഴാൻ സാധ്യതയുണ്ട്. കുട്ടികളുടെ പഠനം ഒരു ബാധ്യതയാവരുത്. അതിനായി മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

തങ്ങളുടെ മക്കൾക്കു മികച്ച വിദ്യാഭ്യാസം നൽകാനാണു എല്ലാ മാതാപിതാക്കളും ആഗ്രഹിക്കുന്നത്. അതിനായി പേരും പെരുമയുള്ള സ്കൂളുകളിൽ തന്നെ കുട്ടികളെ പഠിപ്പിക്കും. അവർക്കു പഠനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും. അതിരാവിലെ വിളിച്ചുണർത്തി സ്പെഷൽ ട്യൂഷനും ഹോം ട്യൂഷനും പറഞ്ഞയക്കും. എടുത്താൽ പൊങ്ങാത്ത ബാഗും ചുമപ്പിച്ച് സ്കൂൾ ബസിൽ യാത്രയാക്കും. വൈകിട്ട് മടങ്ങിയെത്തിയാൽ ഹോം വർക്കുകൾ ചെയ്യിക്കാൻ കൂടെയിരിക്കും. ഇങ്ങനെ മക്കളെ പഠിപ്പിക്കാനുള്ള വ്യഗ്രതയാണു ഓരോ കുടുംബങ്ങളിലും അരങ്ങേറുന്നത്. അതേസമയം മക്കളുടെ പഠനകാര്യത്തിലുള്ള അമിതമായ ഉത്കണ്ഠയും ആശങ്കകളും ചില കുടുംബങ്ങളിലെങ്കിലും ഭാര്യ-ഭർതൃബന്ധത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാകുന്നുവെന്നത് നിഷേധിക്കാനാകാത്ത യാഥാർഥ്യമാകുകയാണ്.

കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ സാധാരണഗതിയിൽ അമ്മ





മാരാണു കൂടുതൽ താൽപര്യം കാണിക്കുന്നത്. അമ്മ എന്നനിലയിൽ മക്കളുടെ പഠനകാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുമ്പോൾ ഭാര്യ എന്നനിലയിലുള്ള കടമ നിറവേറ്റാൻ അവർക്കു കഴിയാതെ വരുന്നതാണു ഇത്തരം പ്രശ്നങ്ങളുടെ പ്രധാന കാരണം.

## താളം തെറ്റുന്ന കുടുംബജീവിതം

ജോലി കഴിഞ്ഞ് രാത്രി വൈകി ഭർത്താവ് വീട്ടിലെത്തുമ്പോൾ കാണുന്നത് കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഭാര്യയെ. ക്ഷീണിച്ചു വന്നുകയറിയ തനിക്ക് ഒരു ഗ്ലാസ് ചായ നൽകാനോ സമയത്ത് ആഹാരം നൽകാനോ തനിക്കൊപ്പം അൽപ നേരം ചെലവഴിക്കാനോ ഭാര്യ തയ്യാറാകാതെ വരുന്നത് സ്ഥിരം അനുഭവമാകുമ്പോൾ സ്വാഭാവികമായും ഭർത്താവ് അസ്വസ്ഥനാകും. മക്കളെ നിർബന്ധിച്ചു പിടിച്ചിരുത്തി പഠിപ്പിക്കുന്ന അമ്മമാരാണെങ്കിൽ, ചിലപ്പോൾ അവരെ തല്ലിയെന്നോ ശകാരിച്ചെന്നോ ഇരിക്കും. ഇവിടെ കുട്ടികളുടെ കരച്ചിൽകൂടി ആകുമ്പോൾ ഈ രംഗത്തിനു സാക്ഷ്യം വഹിക്കുന്ന ഭർത്താവ് കൂടുതൽ അസ്വസ്ഥനാകും.

ഭാര്യ പരോക്ഷമായെങ്കിലും അവഗണിച്ചതിലുള്ള അസ്വസ്ഥതകളും കുട്ടികളുടെ കരച്ചിലും ബഹളവുമൊക്കെകൊണ്ട് അസ്വസ്ഥനാകുന്ന ഭർത്താവ് ഈ സാഹചര്യത്തിൽ ഭാര്യയുമായി വഴക്കിനു മുതിരുക സ്വാഭാവികം. ഇവിടെ ഭാര്യ തെറ്റുകാരിയാകുന്നില്ലെന്നിരിക്കെ പ്രശ്നങ്ങൾക്കു കാരണമാകുന്നത് കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട ആ കുടുംബത്തിലെ സാഹചര്യമാണ്. ഭർത്താവിനും ഭാര്യക്കും ജോലിയുള്ള ചില കുടുംബങ്ങളിലും ഇതുതന്നെയാണ് അവസ്ഥ.

ഓഫീസ് കഴിഞ്ഞാൽ നേരത്തെ വീട്ടിലെത്തുന്ന ഭാര്യ കുട്ടികളുടെ പഠനത്തിനു പിന്നാലെ കൂടുമ്പോൾ വൈകിയെത്തുന്ന ചില ഭർത്താക്കൻമാർക്കെങ്കിലും നേരിടേണ്ടിവരുന്നത് മേൽപറഞ്ഞ അനുഭവം തന്നെ. ഭാര്യയും ഭർത്താവും തമ്മിലുള്ള മാനസിക പൊരുത്തമാണു ഒരു കുടുംബത്തിന്റെ അടിത്തറ എന്നിരിക്കെ, ഏതുകാര്യത്തിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങളും കുടുംബത്തിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്നുറപ്പാണ്.

## എന്തുകൊണ്ട് ഇത്തരം സാഹചര്യങ്ങൾ?

കുട്ടികളുടെ വിദ്യാഭ്യാസം നിസാരമായി കാണേണ്ട ഒന്നല്ല. കുട്ടികളെ പഠിപ്പിച്ച് മിടുക്കരാക്കേണ്ടത് ഏതൊരു മാതാപിതാക്കളുടെയും കർത്തവ്യമാണ്. പക്ഷേ അവരെ മിടുക്കന്മാരോ മിടുക്കികളോ ആക്കാനുള്ള വ്യഗ്രതക്കിടെ സ്വകാര്യ ഇഷ്ടങ്ങളും വ്യക്തിതാൽപര്യങ്ങളും നിറവേറ്റപ്പെടാതെ പോയതുകൊണ്ട് കാര്യമില്ല. അപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസം മാതാപിതാക്കളുടെ ബാധ്യതയാകുന്നുണ്ടോ? കുട്ടികളെ പഠിപ്പിക്കേണ്ടതിന്റെ പൂർണ ഉത്തരവാദിത്തം സ്കൂൾ അധികൃതർക്കാണെന്നിരിക്കെ, പല സ്കൂളുകളും ഹോംവർക്കുകളുടെ പേരിൽ വീട്ടുകാരുടെ മേൽ ബാധ്യത അടിച്ചേൽപ്പിക്കുകയാണ്.

പിറ്റേദിവസം സ്കൂളിൽ ചെല്ലുമ്പോൾ തങ്ങളുടെ കുട്ടി ഹോം വർക്ക് ചെയ്യാതിരുന്നതിന്റെ പേരിലോ മനഃപാഠമാക്കാത്തതിന്റെ പേരിലോ ശിക്ഷിക്കപ്പെടരുത് എന്നാഗ്രഹിക്കുന്ന മാതാപിതാക്കൾ, പ്രത്യേകിച്ചും അമ്മമാർ ഓരോ ദിവസവും രാത്രി വൈകുംവരെ മക്കളുടെ പഠനത്തിനൊപ്പം കൂട്ടിരിക്കാൻ നിർബന്ധിതരാവുകയാണ്. കുട്ടിയെ പഠിപ്പിച്ച് മിടുക്കനോ മിടുക്കിയോ ആക്കണമെന്നും അവർ നാളെ ക്ലാസ് മുറിയിലേക്കു ചെല്ലുമ്പോൾ പിന്തള്ളപ്പെട്ടുപോകാൻ പാടില്ലെന്നും അധ്യാപകരുടെ ശാസനക്ക് ഇരയാകാൻ പാടില്ലെന്നും ആഗ്രഹിക്കുന്നവരാണ് അമ്മമാർ. രാത്രി ഉറക്കത്തിനുമുമ്പേ കിട്ടുന്ന കുറച്ചു സമയമാണ് മക്കളുടെ പഠനത്തിനും ഭർതൃപരിചരണത്തിനും അടുക്കളയിലുമായി അമ്മമാർക്കു ചെലവഴിക്കേണ്ടി വരുന്നത്.

## പഠനം മാതാപിതാക്കളുടെ സഹായമില്ലാതെ

ട്യൂഷൻ ക്ലാസുകളിലും സ്കൂളിലുമായി ഏറിയ സമയവും പഠനവുമായി ബന്ധപ്പെട്ടാണു കുട്ടികളുടെ ജീവിതം. വീട്ടിൽ ചെലവഴിക്കാൻ കിട്ടു

ന്ന, മാതാപിതാക്കളോടൊപ്പം ഇടപെഴകാൻ ലഭിക്കുന്ന അൽപം സമയംപോലും അവർക്കു പഠനത്തിനായി മാറ്റിവയ്ക്കേണ്ടി വരുന്നു. ഒരർഥത്തിൽ ക്ലാസ് മുറികളിലേതിനേക്കാൾ സംഘർഷം അവർ വീടിനുള്ളിലെ പഠനമുറികളിലാണു നേരിടുന്നത്. ഹോംവർക്കുകളും അസൈൻമെന്റുകളും കാണാതെ പഠിത്തവുമായി വീടിനുള്ളിലും ചടഞ്ഞിരിക്കേണ്ടിവരുന്ന കുട്ടികളും നല്ല രീതിയിൽതന്നെ മാനസിക സംഘർഷം അനുഭവിക്കുന്നുണ്ട്. കുട്ടികളുടെ അവസ്ഥ ഇതാണെങ്കിൽ രണ്ടു രീതിയിലുള്ള ഇടപെടലുകളാണു കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ടു മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

ഒന്നാമതായി കുട്ടികളുടെ ഹോംവർക്കുകളിൽ അവരെ സഹായിക്കാനുള്ള മനസ്ഥിതി. മറ്റൊന്നു കുട്ടികളെ നിർബന്ധിച്ചു പിടിച്ചിരുത്തി പഠിപ്പിക്കാൻ ശ്രമിക്കുന്ന സാഹചര്യം. ഈ രണ്ടുകാര്യങ്ങളും പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം. കുട്ടികളെ മാതാപിതാക്കളുടെ സഹായമില്ലാതെതന്നെ പഠിപ്പിക്കാനുള്ള പൂർണ ചുമതല സ്കൂൾ അധികൃതർക്കാണ്. കുട്ടികളുടെ പഠനത്തെ മാതാപിതാക്കളുടെ ബാധ്യതയാക്കുന്ന സ്കൂളുകളുടെ മനോഭാവം തീർച്ചയായും മാറ്റേണ്ടതാണ്. മാത്രമല്ല, മാതാപിതാക്കളുടെ സഹായമില്ലാതെ പഠിക്കാനുള്ള ആത്മവിശ്വാസം കുട്ടികളും സ്വയം ആർജിക്കണം. ഈ രണ്ടു സാഹചര്യങ്ങളും പ്രാവർത്തികമായെങ്കിൽ മാത്രമേ കുട്ടികളുടെ പഠനം മാതാപിതാക്കളുടെ ബാധ്യതയാകുന്ന അവസ്ഥ മാറുകയുള്ളൂ.

**കഴിയുന്നതും കുട്ടികളുടെ പഠനകാര്യത്തിൽ ഒരു മേൽനോട്ടമോ നിരീക്ഷണമോ മാത്രമേ മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടുള്ളൂ. കുട്ടിക്ക് ഏതെങ്കിലും പഠനവിഷയത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നു തോന്നുമ്പോൾ മാതാപിതാക്കൾക്കു കൂടെയിരിക്കാം**



## മാതാപിതാക്കളുടെ ഇടപെടൽ

കഴിയുന്നതും കുട്ടികളുടെ പഠനകാര്യത്തിൽ ഒരു മേൽനോട്ടമോ നിരീക്ഷണമോ മാത്രമേ മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടുള്ളൂ. കുട്ടിക്ക് ഏതെങ്കിലും പഠനവിഷയത്തിൽ പ്രത്യേക ശ്രദ്ധ വേണമെന്നു തോന്നുമ്പോൾ മാതാപിതാക്കൾക്കു കൂടെയിരിക്കാം. പക്ഷേ അതിൽ മാതാവിന്റെയും പിതാവിന്റെയും ഇടപെടൽ ഒരുപോലെ ആയിരിക്കണമെന്നു മാത്രം. അല്ലാതെ കുട്ടികളുടെ പഠനം മാതാവിന്റെ മാത്രം ബാധ്യതയാണെന്നും പിതാവും പിതാവിന്റെ ബാധ്യതയാണെന്നു മാതാവും ധരിക്കരുത്. അമ്മയ്ക്കും അച്ഛനും അവരവർക്ക് ഇഷ്ടമുള്ള വിഷയങ്ങളിൽ കുട്ടികളെ പഠനത്തിനു സഹായിക്കാം.

ഇക്കാര്യത്തിൽ മാതാപിതാക്കൾക്കിടയിൽ പരസ്പര ധാരണ വേണം. കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട സാഹചര്യം പ്രത്യേകം മനസിലാക്കിവേണം. ഇക്കാര്യത്തിൽ ഭർത്താവും ഭാര്യയും എന്നനിലയിൽ ഇരുവരും പരസ്പരം അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നതും.

## കുട്ടികൾക്ക് വേണം പഠന സ്വാതന്ത്ര്യം

കുട്ടികളെ പഠിപ്പിക്കാൻ ഇടപെടുമ്പോൾ പഠിക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കു നൽകണം. പഠനകാര്യത്തിൽ മാതാപിതാക്കളുടെ ഭാഗത്തുനിന്നും ഒരു മേൽനോട്ടം മാത്രം മതി. കുട്ടികളുടെ പഠനകാര്യത്തിൽ ചില മാതാപിതാക്കളെങ്കിലും തങ്ങളുടെ താൽപര്യങ്ങൾ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഇത് പലപ്പോഴും കുട്ടികളിൽ ഗുരുതരമായ മാനസിക പ്രത്യാഘാതങ്ങളാണു സൃഷ്ടിക്കുന്നത്. കുട്ടികളെപ്പറ്റി അമിത പ്രതീക്ഷകൾ വച്ചു പുലർത്തുന്നതാണ് പലപ്പോഴും മാതാപിതാക്കളെ ഈ നിർബന്ധിത അവസ്ഥയിൽ കൊണ്ടുചെന്നെത്തിക്കുന്നത്. തന്റെ മകൻ അല്ലെങ്കിൽ മകൾ ക്ലാസിൽ ഒന്നാമതാകണമെന്നും ഭാവിയിൽ ഡോക്ടറോ എഞ്ചിനീയറോ, കലക്ടറോ ഒക്കെ ആയി തീരണമെന്നും അവർ മുൻകൂട്ടി നിശ്ചയിക്കുന്നു. ഒരുപക്ഷേ, കുട്ടിക്ക് അതിനുള്ള ബുദ്ധിപരമായ കഴിവോ താൽപര്യമോ ഉണ്ടായിരിക്കണമെന്നില്ല.







മറ്റുള്ളവരുടെ പ്രതീക്ഷകൾക്ക് ഒപ്പം എത്താൻ കഴിയാതെ വരുമ്പോൾ കുട്ടി മാനസികമായി തളരും. അയലത്തെ കുട്ടിയുമായോ ക്ലാസിലെ മറ്റൊരു കുട്ടിയുമായോ സ്വന്തം കുട്ടിയെ തുലനപ്പെടുത്തി സ്വന്തം മക്കൾ കഴിവുകെട്ടവരാണെന്നു കുറ്റപ്പെടുത്തുന്നതും ചില മാതാപിതാക്കളുടെ പ്രവണതയാണ്. ഇക്കൂട്ടരും മക്കളെ അടിച്ചിരുത്തി പഠിപ്പിക്കുന്നു. സ്വന്തം കുട്ടിയുടെ പഠനകഴിവിലുള്ള ന്യൂനതയെ പൊക്കിക്കാണിച്ച് എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുക എന്നതു മറ്റുചില മാതാപിതാക്കളുടെ വിനോദമാണ്.

സ്വന്തം കുട്ടിയുടെ മികവിനെയോ നല്ല ഗുണങ്ങളെയോ പറ്റി ഇവർ ഒരിക്കൽപോലും പരാമർശിക്കുകയില്ല. ഇക്കൂട്ടരും കുട്ടികൾക്കുമേൽ സൃഷ്ടിക്കുന്ന സമ്മർദം പറയേണ്ടതില്ലല്ലോ. പഠനം ആനന്ദകരമായ ഒരു അനുഭവമാക്കി മാറ്റാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. അങ്ങനെ ഉത്സാഹവും സന്തോഷവും ലഭിക്കുന്ന ഒരന്തരീക്ഷം കിട്ടുകയാണെങ്കിൽ മാത്രമേ കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ ശരിയായ അർഥത്തിൽ പ്രകടിപ്പിക്കാനാവൂ. നിർബന്ധബുദ്ധിയോടെയും വാശിയോടെയും കുട്ടികളുടെ പഠനകാര്യത്തിൽ മാതാപിതാക്കൾ ഒരിക്കലും ഇടപെടരുത്.

സ്വന്തം കുട്ടിയുടെ മികവിനെയോ നല്ല ഗുണങ്ങളെയോ പറ്റി ഇവർ ഒരിക്കൽപോലും പരാമർശിക്കുകയില്ല. ഇക്കൂട്ടരും കുട്ടികൾക്കുമേൽ സൃഷ്ടിക്കുന്ന സമ്മർദം പറയേണ്ടതില്ലല്ലോ. പഠനം ആനന്ദകരമായ ഒരു അനുഭവമാക്കി മാറ്റാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. അങ്ങനെ ഉത്സാഹവും സന്തോഷവും ലഭിക്കുന്ന ഒരന്തരീക്ഷം കിട്ടുകയാണെങ്കിൽ മാത്രമേ കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ ശരിയായ അർഥത്തിൽ പ്രകടിപ്പിക്കാനാവൂ

## പഠനം ഭാരമാകുമ്പോൾ

ഇന്നത്തെ പാഠ്യസമ്പ്രദായങ്ങൾ അമിത പഠനഭാരമാണു കുട്ടികളിൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. അസൈൻമെന്റുകളും പ്രോജക്ടുകളും ഹോം വർക്കുകളും കാണാതെ പഠിക്കലുമായി ഉണർന്നിരിക്കുന്ന സമയമത്രയും അവർ പഠന ഭാരം പേറുകയാണ്. അതിരാവിലെ വിളിച്ചുണർത്തി പറഞ്ഞുവിടുന്ന സ്പെഷൽ ട്യൂഷനുകളിൽ തുടങ്ങി തോളിൽ തൂക്കി പോകുന്ന സ്കൂൾ ബാഗുകളിൽ വരെ ആ ഭാരം പ്രകടമാണ്. സ്കൂൾ ബാഗുകളുടെ അമിതമായ ഭാരം മൂലം തോൾവേദനയും നട്ടെല്ലുവേദനയും വിദ്യാർഥികളുടെ പൊതുവായ ആരോഗ്യപ്രശ്നമായി മാറുന്നുവെന്നു പഠനങ്ങൾ വ്യക്തമാക്കുന്നു. പുസ്തകങ്ങളുടെ ഭാരം കുറയ്ക്കാൻ അനുവദിക്കുന്നതിനൊപ്പം കുട്ടികൾക്കു കുടിവെള്ളവും ഭക്ഷണ സൗകര്യവും ഒരുക്കേണ്ടത് സ്കൂളുകളുടെ ഉത്തരവാദിത്തമാണ്. കുട്ടികളുടെ പഠനത്തിനൊപ്പം തന്നെ ആരോഗ്യ സംരക്ഷണത്തിനും മുൻകൈയെടുക്കേണ്ട ഉത്തരവാദിത്തവും സ്കൂളുകൾക്കുണ്ട്.

## ഇനി കുട്ടികളോടു കുറച്ചു സ്വകാര്യം

പഠനത്തിൽ നിങ്ങൾ മുൻനിരയിലുണ്ടാകണം എന്ന് നിങ്ങളുടെ മാതാപിതാക്കൾ ആഗ്രഹിക്കുന്നുണ്ട്. അതിനായി നിങ്ങൾക്ക് ആവശ്യമെന്നു തോന്നുന്ന എല്ലാവിധ സൗകര്യവും അവർ ചെയ്തുതരും. പക്ഷേ പഠനം നിങ്ങൾക്കൊരു ബാധ്യതയായി തീരാതെ ആസ്വദിച്ചു പഠിക്കുന്നതിലാണു നിങ്ങളുടെ മിടുക്ക്. പഠിക്കാൻ പ്രയാസമെന്നു തോന്നുന്ന പാഠങ്ങൾ തീർച്ചയായും നിങ്ങളുടെ സ്കൂൾ അധ്യാപകരോടോ ട്യൂഷൻ അധ്യാപകരോടോ ചോദിച്ചു മനസിലാക്കുക. കഴിവതും മാതാപിതാക്കളുടെ സഹായം തേടാതെ തന്നെ പഠിക്കാൻ ശ്രമിക്കുക. പാഠപുസ്തകങ്ങൾക്കൊപ്പം ചുറ്റും നടക്കുന്നതിനെക്കുറിച്ചും അറിയാൻ ശ്രമിക്കുക. കുറച്ചുസമയം പത്രവായനയും ടെലിവിഷൻ വാർത്തകൾ വീക്ഷിക്കുന്നതും ജീവിതത്തിന്റെ ഭാഗമാക്കുക. പഠനത്തിലും ജീവിതത്തിലും വിജയം നേടാൻ ആദ്യം വേണ്ടത് ആത്മവിശ്വാസമാണ്.

ഞാൻ ആർക്കും പിന്നിലല്ല എന്നൊരു ബോധം സ്വയം ഉണ്ടാവണം. മറ്റുള്ളവരെപ്പോലെ ആകാനല്ല, തന്റേതായ രീതിയിൽ ജീവിക്കാനും വിജയിക്കുവാനുമാണ് നിങ്ങൾ ശ്രമിക്കേണ്ടത്. വീട്ടുകാരും അധ്യാപകരും പഠനത്തിൽ മിടുക്കരായ വിദ്യാർഥികളെ പുകഴ്ത്തിപ്പറയുകയും അവരുമായി താരതമ്യം ചെയ്ത് തങ്ങളെ താഴ്ത്തിപ്പറയുന്നതിലും മനസ് വിഷമിപ്പിക്കേണ്ടതില്ല. എന്നാൽ മത്സരബുദ്ധി ഉണ്ടാവുകയും വേണം.

കലാകായിക ഇനങ്ങളിൽ നിങ്ങൾക്കു താൽപര്യമുണ്ടെങ്കിൽ അക്കാര്യം മാതാപിതാക്കളോടും അധ്യാപകരോടും പറയുക. പഠനത്തിനു തടസമാകാതെ അതും മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുക. പഠിക്കാനും പാഠ്യേതര കാര്യങ്ങൾക്കും ഒരു ടൈംടേബിൾ തയാറാക്കി സൂക്ഷിക്കുക. സ്കൂളുകളിൽ നിന്നോ സഹപാഠികളിൽ നിന്നോ പുറത്തുനിന്നോ മോശം അനുഭവങ്ങൾ ഉണ്ടായാൽ അതും മാതാപിതാക്കളോടോ അധ്യാപകരോടോ പറയാൻ മടിക്കരുത്.

എവിടെയും നല്ല സുഹൃത്തുക്കളെ കണ്ടെത്തി മികച്ച സൗഹൃദവലയം ഉണ്ടാക്കുകയും അത് നിങ്ങളുടെ പഠനത്തിനും ഗുണപരമായ മറ്റുകാര്യങ്ങൾക്കും വിനിയോഗിക്കുകയും ചെയ്യുക. ■